# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുരിയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1707/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുരിയാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി8)1707/2023 തീയ്യതി: 23/11/2023

## തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2022 മുതൽ 05-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഓമന കെ. പി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീ. സുനിൽ കുമാർ കെ. സി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി വിദ്യ ഒ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസ് ജെ ചിറ്റിലപ്പിള്ളി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| പ്രജീഷ് പി | സെക്രട്ടറി | 01-04-2022 | 17-08-2022 |
| പുഷ്പലത പി. ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-08-2022 | 09-10-2022 |
| റെജി പോൾ | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പുഷ്പലത പി. ബി | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| രാധിക കെ. യു | കൃഷി ഓഫീസർ | 01-04-2022 | 09-08-2022 |
| നികിത ഒ. എം | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ടിറ്റസൻ പിൻഹീറോ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സിനി ടി. എം | വി.ഇ.ഒ (പുല്ലൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ഐശ്വര്യ ടി. ബി | വി.ഇ.ഒ (മുരിയാട് സർക്കിൾ) | 01-04-2022 | 19-07-2022 |
| സിനി ടി. എം | വി.ഇ.ഒ (മുരിയാട് സർക്കിൾ)(ചാർജ്ജ്) | 20-07-2022 | 10-08-2022 |
| തനുജ കെ. എം | വി.ഇ.ഒ (മുരിയാട് സർക്കിൾ) | 11-08-2022 | 31-03-2023 |
| അൻസ എബ്രഹാം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഉഷ കെ. കെ | അസി. എഞ്ചിനീയർ | 01-04-2022 | 15-12-2022 |
| സിമി സെബാസ്റ്റ്യൻ | അസി. എഞ്ചിനീയർ | 16-12-2022 | 31-03-2023 |
| ടി. എസ് ശ്രീകല | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| അനില ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ദീപ.പി.ഡി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2022 | 31-03-2023 |
| വിജോയ് ജോസഫ് സി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഷീജ സി. യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ജിബിന എം. എം | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ബാങ്ക് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാണിക്കുന്നു. | 1-1-2 |
| 4 | തൻവർഷത്തെ ട്രയൽ ബാലൻസിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | ട്രയൽ ബാലൻസ്, റസീപ്റ്റ് & പേയ്മെന്റ് ഷീറ്റ് എന്നിവ എയിംസിൽ തെറ്റായി അപ്‌ലോഡ് ചെയ്തു | 1-1-4 |
| 6 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | പലിശ തെറ്റായ ശീർഷകത്തിൽ വരവ് വച്ചു | 1-1-6 |
| 8 | റികൺസിലിയേഷൻ പത്രിക പ്രകാരം പാസ് ബുക്ക് ബാലൻസ് വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-7 |
| 9 | “Cheques Deposited But Not Credited”- തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-1-8 |
| 10 | കാലാവധി കഴിഞ്ഞ ചെക്കുകൾ "Stale Cheque” എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-9 |
| 11 | " Directly Debited By Bank” - തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-10 |
| 12 | ആസ്തികൾ ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-11 |
| 13 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വസ്തു നികുതി - നോൺ-റെസിഡൻഷ്യൽ(തൻവർഷം) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ലൈബ്രറി സെസ്സ് ഇനത്തിലെ തുകകളും വാർഷിക കണക്കിലെ തുകകളും | 1-1-16 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല | |
| 18 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-18 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-19 |
| 21 | വസ്തു നികുതി - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല | 1-1-20 |
| 22 | Prior Period - ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-21 |
| 23 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-22 |
| 24 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-23 |
| 25 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-24 |
| 26 | ഇൻവെസ്റ്റ്മെന്റുകൾ പിൻവലിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | 1-1-25 |
| 27 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-26 |
| 28 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-27 |
| 29 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-28 |
| 30 | Income And Expenditure Account ൽ 16000/- രൂപയുടെ വരുമാനം ഉൾപ്പെടുത്തിയില്ല | 1-1-29 |
| 31 | ബജറ്റ് | 1-2 |
| 32 | ഫണ്ട് വിനിയോഗം | 1-3 |
| 33 | പദ്ധതി അവലോകനം | 1-4 |
| 34 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 35 | ക്ഷേമപദ്ധതികൾ | 1-6 |
| 36 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 37 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 38 | നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം | 1-9 |
| 39 | രസീതു നൽകിയതിലെ അപാകതകൾ | 1-10 |
| 40 | ലേലം അപാകതകൾ | 1-11 |
| 41 | വാടക ബൈലോ ഹാജരാക്കിയില്ല. | 1-12 |
| 42 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-13 |

| | | |
|---|---|---|
| 43 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-14 |
| 44 | അനധികൃത ഫാമുകളുടെ പ്രവർത്തനം- നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 45 | വസ്തുനികുതി തെറ്റായി നിശ്ചയിച്ചു | 1-16 |
| 46 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരം അറിയിക്കേണ്ടതാണ്. | 1-17 |
| 47 | കുടിവെള്ളടാപ്പ് - സംയുക്ത പരിശോധന | 1-18 |
| 48 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-19 |
| 49 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 50 | എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 51 | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -പട്ടികജാതി വകുപ്പിൽ നിന്നും ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-22 |
| 52 | -മത്സ്യ തൊഴിലാളി എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-പട്ടികജാതി വകുപ്പിൽ നിന്നും ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. | 1-23 |
| 53 | എസ്.സി. വാട്ടർ ടാങ്ക്-ഗുണഭോക്തൃ വിഹിതമിനത്തിൽ സ്വീകരിച്ച 87200/-രൂപ സ്ഥാപനത്തിന് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 54 | പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകകളുടെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്. | 1-25 |
| 55 | കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂർ നല്കൽ- തൻവർഷം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-26 |
| 56 | നെൽകൃഷി വികസനം - രേഖകൾ ഹാജരാക്കുന്നതു വരെ 570600/- രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 57 | മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല- | 1-28 |
| 58 | ഡിസ്മാന്റിൽ ചെയ്ത ഇനത്തിന്റെ പുനരുപയോഗം രേഖപ്പെടുത്തിയിട്ടില്ല,പിഴ ഈടാക്കിയിട്ടില്ല- | 1-29 |
| 59 | കന്നുകുട്ടി പരിപാലനം-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 60 | ബാലസഭ | 1-31 |
| 61 | അലോപ്പതി-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-32 |
| 62 | മത്സ്യബന്ധനവള്ളവും വലയും നൽകൽ -ലൈസൻസ് ലഭ്യമാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു | 1-33 |
| 63 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 1-34 |

| | | |
|---|---|---|
| 64 | WP(C)10373/23 - വികസന പെർമിറ്റ് ഇല്ല എന്ന കാരണത്താൽ ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷ നിരസിച്ചത് | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023 തീയതിയിലെ 1(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.08.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുരിയാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുരിയാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 23.11.2023

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-2 ബാങ്ക് നീക്കിയിരിപ്പ് നെഗറ്റീവ് തുക കാണിക്കുന്നു.

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-40(b) & B-17 പ്രകാരം 450210104- LG TSB Own Fund (799013000000722) ൽ നീക്കിയിരിപ്പ് തുക -1282402 (നെഗറ്റീവ്) ആണ്. ബാങ്ക് ബാലൻസ് നെഗറ്റീവ് ആയത് സംബന്ധിച്ച് സെക്രട്ടറിയുടെ കുറിപ്പുകൾ അക്കൗണ്ട്സിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിന് 28.03.2023 തീയതിയിൽ സർക്കാർ റിസംപ്ഷൻ ഇനത്തിൽ തുക പിൻവലിച്ചതിനാലും ആയതിന് ശേഷം പേയ്മെന്റുകൾ നല്കിയതിനാലുമാണ് ബാങ്ക് ബാലൻസ് നെഗറ്റീവ് ആയതെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി അപാകത 2023-24 ൽ പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി - 7/ 10.10.2023

### 1-1-3 തൻവർഷത്തെ ട്രയൽ ബാലൻസിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

| ഇനം | ട്രയൽ ബാലൻസ് പ്രകാരം നീക്കിയിരിപ്പ് |
|---|---|
| 431910201 – Out Door Collection Control Account | -16000 |

ഓഡിറ്റ് എൻക്വയറി (7/ 10.10.23) നൽകിയതിന് അപാകത 2023-24 ൽ പരിഹരിച്ചതായി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ചതിന്റെ ജേണൽ വൗച്ചർ, നടപടി ക്രമങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.
ട്രയൽ ബാലൻസിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുക ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെടാത്തത് മൂലം Income And Expenditure Account ലെ മിച്ച തുക കണക്കാക്കിയതിലും Excess Of Income Over Expenditure എന്ന ശീർഷകത്തിലും 16000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ട്. (ഖ.1-1-29 കൂടി കാണുക)

### 1-1-4 ട്രയൽ ബാലൻസ്, റസീപ്റ്റ് & പേയ്മെന്റ് ഷീറ്റ് എന്നിവ എയിംസിൽ തെറ്റായി അപ്‌ലോഡ് ചെയ്തു

റസീപ്റ്റ് & പേയ്മെന്റ് ഷീറ്റ് 01.04.2023 മുതൽ 22.08.2023 വരെയും ട്രയൽ ബാലൻസ് 01.09.2020 മുതൽ 22.08.2023 വരെയുമാണ് എയിംസ് സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളത്.

### 1-1-5 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 941743 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -90938458 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-6 പലിശ തെറ്റായ ശീർഷകത്തിൽ വരവ് വച്ചു

താഴെ ചേർത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ 171100101 – Interest From Bank Accounts എന്ന ശീർഷകത്തിൽ നിന്നും അതാത് ബാങ്ക് അക്കൗണ്ടുകളിലെ ബാധ്യതാ ശീർഷകത്തിലേക്ക് വരവ് വെച്ചിട്ടില്ല.

| ശീർഷകം/ബാങ്ക് അക്കൗണ്ട് | പലിശ |
|---|---|

| | |
|---|---|
| 320200104-Development Fund – Central Finance Commission Grant – Basic Tax Grant - [IOB CFC Grant 110101000014226] | 213948 |
| 320100202- Health Grant Support For Diagnostic Infrastructure (IOB - 14539) | 1171+2050=3221 |
| 320100201- Health Grant Conversion Of Rural PHC(IOB - 14541) | 721 + 1141 = 1862 |
| 320900102 -Donations Related To Pandemic/ Epidemic Control [Covid Distress Relief Fund(14258)] | 323 + 372 +376 + 378 =1449 |

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

### 1-1-7 റികൺസിലിയേഷൻ പത്രിക പ്രകാരം പാസ് ബുക്ക് ബാലൻസ് വ്യത്യാസപ്പെട്ടിരിക്കുന്നു

SCB Swabhiman അക്കൗണ്ടിന്റെ 31.03.2023 ലെ പാസ് ബുക്ക് ബാലൻസ് 373448/- രൂപയാണ്. എന്നാൽ റികൺസിലിയേഷൻ പത്രിക പ്രകാരം '31.03.2023 ലെ പാസ് ബുക്ക് ബാലൻസ്' 366149/- എന്നാണ് കാണിച്ചിട്ടുള്ളത്. പാസ്ബുക്ക് കാലികമാക്കാതെ റികൺസിലിയേഷൻ പത്രിക തയ്യാറാക്കിയതാണ് മേൽ വ്യത്യാസത്തിന് കാരണം.

### 1-1-8 "Cheques Deposited But Not Credited"- തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(A) ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം (E-Payment SBI PSB-TANA, IRINJALAKUDA (37261511720)) 27,199.00/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(B) ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം OWN FUND-IOB MURUYAD (110101000007871) 130745 രൂപ "Cash/Cheques Deposited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 259131 | 22.04.2022 | 8.00 |
| 6244150 | 27.12.2022 | 113251.00 |
| 259120 | 12.04.2022 | 61.00 |

### 1-1-9 കാലാവധി കഴിഞ്ഞ ചെക്കുകൾ "Stale Cheque" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| Account Number | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| LGTSB -OWNFUND | 6244150 | 27-12-2022 | 113,251.00 |

| | | | |
|---|---|---|---|
| Mukundapuram ( 799013000000722 ) | | | |
| OWN FUND-IOB MURUYAD( 110101000007871 ) | ചെക്ക് നം. -ഇല്ല | 31.10.2022 | 540 |
| | 818131 | 19.10.2022 | 13067 |
| | 821455 | 30.06.2022 | 1000 |
| | 818131 | 19.10.2022 | 540 |
| | 818146 | 18.11.2022 | 1800 |

## 1-1-10 " Directly Debited By Bank" - തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്ക് ൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

Account Number - OWN FUND-IOB MURUYAD ( 110101000007871 )

| തീയ്യതി | തുക |
|---|---|
| 818172/ 20.01.2023 | 2431 |
| 821412/ 18.04.2022 | 450 |
| 818172/ 20.01.2023 | 182 |
| 821436/ 01.06.2022 | 40 |
| 818173/ 20.01.2023 | 1297 |
| ആകെ | 4400 |

## 1-1-11 ആസ്തികൾ ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

താഴെ ചേർക്കുന്ന പ്രോജക്റ്റുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകക്കുള്ള ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ നമ്പർ/പേര് | വിശദാംശങ്ങൾ | നൽകിയ തുക | വൗച്ചർ നം/തീയതി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|---|
| 1 | 6/23 – പഞ്ചായത്ത് ഓഫീസ് നവീകരണം | Artco മുഖേന ക്യാബിൻ, , ഫ്രണ്ട് ഓഫീസ്, റെക്കോർഡ് റൂം സെറ്റിംഗ്, ഫർണിച്ചറുകൾ എന്നിവ | 1605429 (991199 + 614230) | 42201273/ 28.03.2023 42201291/ 31.03.2023 | 252120001 - Local Self Government Institution Officer Building-Renovation Of |

| | | | | | |
|---|---|---|---|---|---|
| | | സജ്ജീകരിക്കൽ | | | Building |
| 2 | 30/23 – പഞ്ചായത്ത് ഓഫീസ് നവീകരണം (Spill Over) | Artco മുഖേന ക്യാബിൻ, , ഫ്രണ്ട് ഓഫീസ്, റെക്കോർഡ് റൂം സെറ്റിംഗ്, ഫർണിച്ചറുകൾ എന്നിവ സജ്ജീകരിക്കൽ | 397506 | 42200565/ 01.12.2022 | 252120001 - Local Self Government Institution Officer Building- Renovation Of Building |
| 3 | 104/23- അംഗൻവാടികളിലേക്ക് ഫർണിച്ചർ വാങ്ങൽ | Artco യിൽ നിന്നും ബെഞ്ച്, ഡെസ്ക് എന്നിവ വാങ്ങൽ | 240788 (50000 + 50788 + 140000) | 42200807/ 23.03.2023 42201252/ 28.03.2023 42201242/ 24.03.2023 | 251170104 -Anganwadi Related Services 251170003 - Infrastructure Facilities For Anganwadi- Maintenance Of Building |
| 4 | 132/23- വയോജന ക്ലബിലേക്ക് ഫർണിച്ചർ വാങ്ങൽ | സിഡ്കോയിൽ നിന്നും കസേര, മേശ, അലമാരി, ടി.വി എന്നിവ വാങ്ങൽ | 60680/- | 42201211/ 16.03.2023 | 251150205 - Welfare Of The Aged- Programmes For The Welfare Of Geriatrics |

മേൽ പ്രവൃത്തികളിൽ ഫർണിഷിംഗ് നടത്തിയവ ഉചിതമായ ഫർണിഷിംഗ് ആസ്തി ശീർഷകത്തിലും ഉപകരണങ്ങൾ വാങ്ങിയവ ഉചിതമായ ആസ്തി ശീർഷകത്തിലും ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-12 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3466370 | 3460925 | 6453 | 1817 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3466370 | 3457846 | 4154 | *1817 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection- PT On Res. Bldg-ന്റെ ലെഡ്ജർ) | *( 1908/ 105X100)=0 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക, അഡ്വാൻസ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

3. വാർഷിക കണക്കിൽ 2,502/- രൂപ Prior Period Income-Property Tax ഇനത്തിൽ അഡ്ജസ്റ്റ് ചെയ്താണ് നീക്കിയിരിപ്പ് കണക്കാക്കിയിട്ടുള്ളത്. ടി ജേണൽ എൻട്രിയുടെ ആധികാരികത തെളിയിക്കുന്ന വർക്ക്ഷീറ്റ് ലഭ്യമാക്കേണ്ടതാണ്.

## 1-1-13 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7726 | 7726 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *7440 | 7726 | 0 |
| | 5022+2790= 7812/105 *100= *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-14 വസ്തു നികുതി - നോൺ-റെസിഡൻഷ്യൽ(തൻവർഷം) വാർഷിക കണക്കുമായി

പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2953740 | 2926335 | 8994 | 20484 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2953740 | 2931270 | 2396 | *13491 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 14166/ 105X100)=0 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 4935 രൂപ കുറവ് പോസ്റ്റിംഗ് വന്നതായി കാണുന്നു.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

4. വാർഷിക കണക്കിൽ 6364-675= 5689/- രൂപ Prior Period Income-Property Tax ഇനത്തിൽ അഡ്ജസ്റ്റ് ചെയ്താണ് നീക്കിയിരിപ്പ് കണക്കാക്കിയിട്ടുള്ളത്. ടി ജേണൽ എൻട്രിയുടെ ആധികാരികത തെളിയിക്കുന്ന വർക്ക് ഷീറ്റ് ലഭ്യമാക്കേണ്ടതാണ്.

1-1-15 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 145191 | 82254 | 62937 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *145205 | 145191 | 0 |
| | (21290+131176)/ 105 *100 = =145205 *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-16 ലൈബ്രറി സെസ്സ് ഇനത്തിലെ തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 330786 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 327286 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 332056 രൂപയാണ്.

## 1-1-17 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറി” ൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 3079 | 290298 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 2058 | 37923 |

## 1-1-18 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന

വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ലൈവ് സ്റ്റോക്ക് ലൈസൻസ് | 350410302-Advance Collection Of Revenues-Licence Fees For Live Stock Farms | 1050 |

## 1-1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-20 വസ്തു നികുതി - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ മുരിയാട് ഗ്രാമപഞ്ചായത്തിൽ 198 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-21 Prior Period - ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income" , "190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന

വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18, I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800701- Prior Period Expense – Miscellaneous Expenses | 143554 |
| 190100101-Prior Period Income-Property Tax | -8165 |
| 190200101-Prior Period Income - Rent From Building | 19440 |

1-1-22 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-23 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികൾ)

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ലേലം രജിസ്റ്റർ

5. വാടക ഡിമാന്റ് രജിസ്റ്റർ

6. ഫാക്ടറി- വ്യാപാര ലൈസൻസ് രജിസ്റ്റർ

1-1-24 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 58976193/-രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ

ഹാജരാക്കിയിട്ടില്ല.

## 1-1-25 ഇൻവെസ്റ്റ്മെന്റുകൾ പിൻവലിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

വാർഷിക കണക്ക് പ്രകാരം 420800199-Other Investment ഇനത്തിൽ 4500 രൂപ മുന്നിരിപ്പുണ്ട്. തൻവർഷത്തെ നീക്കിയിരിപ്പ് 0 ആണ്. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ പിൻവലിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-26 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. കൂടാതെ പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200104 | Development Fund – Central Finance Commission Grant – Basic Tax Grant | 2917222 | 450210101 | IOB CFC Grant (110101000014226) | 10297829 |
| 2 | 320200113 | Development Fund – Central Finance Commission Grant – Tied Fund | 6105708 | | | |
| 3 | 320900102 | Donations Related To Pandemic/Epidemic Control | 53450 | 450210101 | Covid Distress Relief Fund(14258) | 54899 |
| 4 | 320100201 | Grants For Specific Purposes- Health Grant | 166923 | 450210101 | Health Grant Conversion Of Rural PHC(14541 ) | 168785 |
| 5 | 320100202 | Grants For Specific Purposes- Health Grant Towards Support Of Diagnostic Infrastructure To The PHCs | 297245 | 450210101 | Health Grant Support For Diagnostic Infrastructure (14539) | 300466 |
| 6 | 320700105 | Contributions For Joint Venture Projects(For | 10,00,000 | 450210201 | Old Joint Venture - 1148 | 0 (1806552/- |

| | | | | | | |
|---|---|---|---|---|---|---|
| | | Capital Expenditure)- From District Panchayats | | | | |
| 7 | 320700204 | Contributions For Joint Venture Projects(For Revenue Expenditure)- From Block Panchayats | 798474 | | | റിസംപ്ഷൻ തുക കണക്കിലെടുത്താലും പൊരുത്തപ്പെടുന്നില്ല) |
| 8 | 320800199 | Other Grants, Funds And Contributions For Specific Purposes - Capital | 806552 | | | |
| 9 | 320100197 | Litreracy Scheme Grant | 1858 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 10 | 320800101 | Beneficiary Contributions | 1,96,095 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |
| 11 | 320100160 | Rural Housing-Housing For All | 15,00,000 | 450210101 | SBI State Share (38065121372) | 2,00,000 |

അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-27 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

1. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമനമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450210102 | Swabhiman – SCB Muriyad(2701) | 3,66,149 |
| 2 | 450210101 | Pension - SBT(57070061093) | 9904 |

2. മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെട്ടിട്ടുള്ള 320300199 – Grants, Funds & Contributions For Specific Purposes - Other Government Agencies 31.03.2022 ലെ മൂല്യം 38980/- തൻവർഷത്തെ ട്രയൽ ബാലൻസ് ഷീറ്റിൽ മുന്നിരിപ്പായി ചേർക്കുകയോ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ചേർക്കുകയോ ചെയ്തിട്ടില്ല.

## 1-1-28 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ ആസ്തിയായി ഉൾപ്പെട്ടിട്ടുള്ള 410300302 – Bridges(31.03.2022 ലെ മൂല്യം 122619/-) തൻവർഷത്തെ ട്രയൽ ബാലൻസ് ഷീറ്റിൽ മുന്നിരിപ്പായി ചേർക്കുകയോ ബാലൻസ് ഷീറ്റിൽ ആസ്തിയായി ചേർക്കുകയോ ചെയ്തിട്ടില്ല.

## 1-1-29 Income And Expenditure Account ൽ 16000/- രൂപയുടെ വരുമാനം ഉൾപ്പെടുത്തിയില്ല

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം | | 168182053 |

| | | |
|---|---|---|
| (A) | | |
| ആകെ ചെലവ് (B) | | 230017346 |
| മിച്ചം തുക C= A-B | | -61835293 |
| Prior Period Income | 150907 | |
| Prior Period Expenditure | 143554 | |
| Net Difference Between Prior Period Income And Expenses ( D ) | | 7353 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | -61827940 |

ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -61835293 ൽ നിന്നും 7353 കുറച്ചപ്പോൾ ലഭിച്ച -61842646 രൂപയാണ് Income And Expenditure Account ൽ മിച്ചതുകയായി ചേർത്തിട്ടുള്ളത്. വ്യത്യാസം 16000/ രൂപ. കൂടാതെ 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതിലും വ്യത്യാസം നിലനിൽക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 31/3/23ടയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 15878619 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | (61827940) |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് ആയി ചേർക്കേണ്ട തുക | (45949321) |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് ആയി ചേർത്ത തുക | (45933321) |

## 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 09-03-2022 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 342364000/- | 342250000/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 20-02-2023 6(1) | |

| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
|---|---|---|
| | 271193948/- | 249541426/- |

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 24589000 | 24589000 | 24275462 | 313538** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12578000 | 12578000 | 12576868 | 1132** |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 11544000 | 11544000 | 11174201 | 369799** |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5804000 | 5804000 | 5308699 | 495301** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് ) UnTied | 809400 | 3469000 | 4278400 | 1361178 | 2917222* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി ) Untied - സ്പിൽഓവർ | 0 | 196503 | 196503 | 146503 | 50000** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് ) Tied | 3808278 | 5203000 | 9011278 | 2905570 | 6105708* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി ) Tied-സ്പിൽഓവർ | 0 | 1038037 | 1038037 | 625323 | 412714** |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 1858 | 0 | 1858 | 0 | 1858* |
| TSC | 0 | 0 | 0 | 0 | 0 |
| ICDS | 401386 | 1179188 | 1580574 | 276843 | 1303731* |
| M P FUND | 0 | 0 | 0 | 0 | 0 |
| PYCKA | 0 | 0 | 0 | 0 | 0 |
| NMBS | 0 | 0 | 0 | 0 | 0 |
| Grant From Suchitwa Mission | 1240810 | 156000 | 1396810 | 870560 | 526250* |
| SBM Phase 2 | 820969 | 0 | 820969 | 764257 | 56712* |
| Grant From Drinking Water Scheme | 188680 | 0 | 188680 | 0 | 188680* |
| Grant ,Funds & Contriutions For Spc.Purpose _Anganvadi Name Board | 10000 | 0 | 10000 | 10000 | 0* |
| Grants For Spc.purpose - Health Grant | 0 | 166923 | 166923 | 0 | 166923* |
| Health Grants Towards Support For Diagnostic Infrastructure To PHCS | 0 | 297245 | 297245 | 0 | 297245* |
| SC Development | 0 | 0 | 0 | 0 | 0 |
| Ayurvedam | 0 | 0 | 0 | 0 | 0 |
| MLA Fund | 0 | 0 | 0 | 0 | 0 |
| Keralolsavam | 0 | 0 | 0 | 0 | 0 |
| Vimukthi | 28980 | 0 | 28980 | 0 | 28980* |

കുറിപ്പുകൾ

1. ഗുണഭോക്തൃ വിഹിതം, ലൈഫ് സ്റ്റേറ്റ് ഷെയർ എന്നീ ഇനങ്ങളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും

രേഖപ്പെടുത്തിയിരിക്കുന്നത്.

3. ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്തപക്ഷം തിരികെ അടവാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 259 | 126815360 | 69 | 75330160 | 128 | 62 | 59.40 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1587 | 343626 | 345213 | 345213 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 18543828 | 18543828 | 18543828 | 0 |
| ആകെ | | 18889041 | 18889041 | 18889041 | 0 |

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 50,00,000 | 392 |
| വിധവാ പെൻഷൻ | 16729200 | 1439 |
| വാർദ്ധക്യകാല പെൻഷൻ | 3,28,84,800 | 2809 |
| വികലാംഗപെൻഷൻ | 4734000 | 380 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1587200 | 138 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2023 തീയതിയിൽ 11:30 AM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1980/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

മുരിയാട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. തനത് വരുമാനത്തിലെ കുടിശ്ശിക നിവാരണത്തിനായി എല്ലാ വാർഡുകളിലും ക്യാമ്പ് കളക്ഷൻ നടത്തുന്നുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനങ്ങൾ നടത്തി വരുന്നുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ പുതുക്കി പണിതിട്ടും നികുതി പുനർനിർണ്ണയിക്കാത്ത കെട്ടിടങ്ങളുടെയും പെർമിറ്റ് എടുക്കാതെ പണിയുന്ന കെട്ടിടങ്ങളുടെയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് നടപടി കൈക്കൊള്ളണമെന്ന ശുപാർശ പഞ്ചായത്ത് ഭരണസമിതി മുൻപാകെ അവതരിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്കും നൽകേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയിലും ഭരണസമിതി യോഗത്തിലും അജണ്ട ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. നികുതി-നികുതിയേതര വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3367000 | 3466370 | 2.95 | 198 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2580317 | 2953740 | 14.47 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 340030 | 400800 | 17.87 | |
| തൊഴിൽ നികുതി - ജീവനക്കാർ | 1207170 | 1251360 | 3.66 | |
| വാടക | 260408 | 406080 | 55.94 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വാടകയിനത്തിലെ ഡിമാന്റിൽ വൻ വർദ്ധനവ് വന്നിട്ടുണ്ട്. പഞ്ചായത്തിന്റെ വാർഡ് 7ലെ വനിതാ വ്യവസായ കേന്ദ്രത്തിലെ ഒഴിഞ്ഞ് കിടക്കുന്ന 438ാം നമ്പർ മുറി വാടകയ്ക്ക് നൽകുന്നതിലുള്ള സത്വര നടപടികൾ സ്വീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

വസ്തുനികുതി

കേരള സർക്കാർ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.25/ 2023 ത.സ്വ.ഭ.വ തീയതി 05.04.2023 വിജ്ഞാപന പ്രകാരം മുരിയാട് ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പുതുക്കി

നിശ്ചയിക്കുന്നതിന് വേണ്ടി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശയോടെ ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ചത് 03.08.2023ലെ ഭരണസമിതി യോഗത്തിലെ 2/1 തീരുമാന നമ്പർ പ്രകാരം അന്തിമമായി അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാനനിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അന്തിമ വിജ്ഞാപനം 01.09.20223ൽ എസ്.സി.3-783/23 നമ്പറായി പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതു പ്രകാരമുള്ള നിരക്കുകൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഉത്തരവുകൾക്ക് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. നിലവിൽ പുതിയ കെട്ടിടങ്ങൾക്കും പഴയ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്. ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തിട്ടില്ല. കൂടാതെ കൃത്യമായ റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്) ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖല സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടോ എന്നതിന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ വസ്തുനികുതി പരിഷ്കരണം നടത്തുന്ന ഈ സാഹചര്യത്തിലും മേഖല അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ തിരിച്ചിട്ടുള്ളത് പുനഃപരിശോധിക്കുന്നതിനുള്ള ഒരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലാത്തതാണ്.

തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

<u>സേവന ഉപനികുതി</u>

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചട്ടം 26 പ്രകാരം ഈടാക്കാവുന്ന സേവന ഉപനികുതി ചുമത്തേണ്ടതില്ല എന്ന മുൻ വർഷങ്ങളിലെ തീരുമാനം തുടർന്നുപോരുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നിലവിലില്ലാത്തതിനാൽ സർവീസ് ചാർജ് ഇനത്തിലും പഞ്ചായത്തിന് വരുമാനം ഇല്ല.

<u>തൊഴിൽ നികുതി</u>

പഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ കള്ള് ഷാപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നതായി കാണുന്നില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിനും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് കൊടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ മേൽ പ്രകാരം വർഗ്ഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാവർക്കും നോട്ടീസ് നല്കുകയും നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്.

<u>വിനോദനികുതി</u>

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട് , ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം , നീന്തൽ കുളങ്ങൾ എന്നിവ പഞ്ചായത്തിൽ

പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ വിനോദ നികുതി വരുമാനത്തിന്റെ സാധ്യത പഞ്ചായത്തിൽ നിലനിൽക്കുന്നില്ല. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളെ മാത്രം ഉൾക്കൊള്ളിച്ചാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

(2) ലേലം, വാടക, ഫലവൃക്ഷങ്ങൾ, മത്സ്യക്കുളം എന്നിവയിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്കു നൽകുന്നതിന് സർക്കാർ അംഗീകൃത ബൈലോ ഇല്ല. മത്സ്യ ലേലം, മണ്ണ് ലേലം, ഗവ. യു പി സ്കൂൾ ആനന്ദപുരത്തെ ജീർണ്ണിച്ച കെട്ടിടം ലേലം ചെയ്തത്, ഗവ. യു പി സ്കൂൾ ആനന്ദപുരത്തെ സൈക്കിളുകൾ ലേലം ചെയ്തത് എന്നിവയിൽ നിന്ന് 221046 രൂപ വരവുണ്ട്. ലേലം സംബന്ധിച്ച അപാകത ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്.

ശുപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 രസീതു നൽകിയതിലെ അപാകതകൾ

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളിലൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രസീത് ബുക്ക് പൂർണ്ണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്. പുതിയ രസീത് ബുക്ക് നൽകുകയാണെങ്കിൽ കാരണം വ്യക്തമായി പുതിയ രസീത് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

06.03.23 തിയതിയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ബയോബിൻ, ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് 10148, 10149 എന്നീ നമ്പറുകളിലുള്ള രസീതു പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. 10148 നമ്പർ രസീത് പുസ്തകം ഉപയോഗിച്ച് തീരുന്നതിനു മുൻപേ 10149 നമ്പർ രസീതു പുസ്തകം ഉപയോഗിച്ചു. 13.03.23 തിയതിയിൽ 10148 രസീതു പുസ്തകത്തിലെ രസീതുകൾ എഴുതി തീരുന്നതിന് മുൻപു തന്നെ 10149 എന്ന രസീത് പുസ്തകത്തിൽ ബയോഗ്യാസ് പ്ലാന്റ് ഗുണഭോക്തൃ വിഹിതം കളക്റ്റ് ചെയ്തതിന് രസീതു എഴുതി നൽകിയിട്ടുണ്ട്. ഒരേ സമയം രണ്ടു രസീതു പുസ്തകങ്ങൾ ഉപയോഗിക്കാനുള്ള കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 9/10.10.23) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ, ചട്ടം 20(2) സി പ്രകാരം രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവ ആയിരിക്കണം.

വെറ്ററിനറി സർജൻ 2022-23 വർഷം നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും 10141 നമ്പർ രസീതു പുസ്തകം നൽകിയിട്ടുണ്ട്. ടി രസീതു പുസ്തകം പ്രകാരം പശു വളർത്തൽ പ്രൊജക്റ്റിന്റെ (വനിത) ഗുണഭോക്തൃ വിഹിതം 18 പേരിൽ നിന്ന് 25000 രൂപ വീതം പിരിച്ചെടുക്കുന്നതിന് 1മുതൽ 18 വരെയുള്ള രസീതുകൾ നൽകിയിട്ടുണ്ട്. എന്നാൽ ടി രസീതുകൾ എഴുതി നൽകിയപ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 9/10.10.23) ശ്രദ്ധക്കുറവുമൂലം

സംഭവിച്ച പിഴവാണെന്നും മേലിൽ ആവർത്തിക്കില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രസീതുകൾ ചട്ടം പാലിച്ചു മാത്രം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ലേലം അപാകതകൾ

ഗവ.യു പി സ്കൂൾ ആനന്ദപുരത്തെ 21 സൈക്കിളുകൾ ലേലം ചെയ്തതിന്റെ ഫയൽ ഹെഡ്മിസ്ട്രസ്സ് ഹാജരാക്കിയിട്ടുണ്ട്. ടി ലേലത്തിൽ 7581 രൂപയുടെ വരവുണ്ട്. ഹാജരാക്കിയ ഫയലിലുള്ള ലേല ഡയറി പ്രകാരം 8.07.22 ന നടത്തിയ ലേലത്തിൽ 14 പേർ പങ്കെടുത്തിട്ടുള്ളതായും ഒരു സൈക്കിളിന്റെ വിലയായി 300 രൂപയിൽ ആരംഭിച്ചതിൽ ഉയർന്ന തുകയായ 361 രൂപക്കു (ഒരു സൈക്കിളിന്റെ വില) വിളിച്ച വിജയ് സ്ക്രാപ്പ്, ആനന്ദപുരം എന്ന സ്ഥാപനത്തിൽ നിന്നും തുക ഈടാക്കിയതായും കാണുന്നു. (രസീത് നമ്പർ 1220101075/G081203, തിയതി 08-07-22). ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A) ലേല ഡയറിയിൽ ലേലം അംഗീകരിച്ച കമ്മിറ്റി തീരുമാനം ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

B) സൈക്കിളുകളുടെ വാല്വേഷൻ നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.
രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 വാടക ബൈലോ ഹാജരാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3 (5,6,7) പ്രകാരം പഞ്ചായത്തിന് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ അംഗീകൃത ബൈലോ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( എൻക്വയറി നമ്പർ 26/13.10.23) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ നിലവിൽ അംഗീകൃത ബൈലോയുടെ അഭാവത്തിലാണ് വാടകയ്ക്കു നൽകുന്നത്. അതിനാൽ ഈടാക്കുന്ന വാടകയുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയില്ല. വാടക ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

I. അസി എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | റോജോ ജോസ്,ഇല്ലിക്കൽ ഹൗസ്, ആനന്ദപുരം |
| 2 | പി കെ പാപ്പച്ചൻ, പുല്ലോക്കാരൻ ഹൗസ്,മുരിയാട് |
| 3 | കെ എ ഗോപികുമാർ, കൈപ്പഞ്ചേരി ഹൗസ്,ആനന്ദപുരം |
| 4 | കെ യു ആഷിക്ക്, കൊളത്താപ്പിള്ളി ഹൗസ്, മുരിയാട് |
| 5 | വർഗ്ഗീസ് പി ഒ, പുല്ലോക്കാരൻ ഹൗസ്,മുരിയാട് |
| 6 | ജോൺ ബോസ്കോ, മിന്നാരം ഹൗസ്, മുരിയാട് |

II. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ബ്ലൂ വാലി അക്വാ മിനറൽസ്, മുരിയാട്-1, 2 അർദ്ധവർഷം

2) സാൻജോ സദൻ, ആനന്ദപുരം- 1, 2 അർദ്ധവർഷം

3) മാവേലി സ്റ്റോർ പുല്ലൂർ- 1, 2 അർദ്ധവർഷം

4) ക്ഷീരോത്പാദക സഹകരണസംഘം, മുരിയാട്-1, 2 അർദ്ധവർഷം

5) ക്ഷീരോത്പാദക സഹകരണസംഘം, ആനന്ദപുരം- 1, 2 അർദ്ധവർഷം

6) ക്ഷീരോത്പാദക സഹകരണ സംഘം, പുല്ലൂർ- 1, 2 അർദ്ധവർഷം

7) കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്- രണ്ടാം അർദ്ധവർഷം

8) റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി,ആനന്ദപുരം- 1,2 അർദ്ധവർഷം

9) കള്ള് ഷാപ്പ് ഊരകം- 1,2 അർദ്ധവർഷം

10) കള്ള് ഷാപ്പ്, പളിഞ്ചോട്- 1,2 അർദ്ധവർഷം

11) കള്ള് ഷാപ്പ്, മുരിയാട്-1,2 അർദ്ധവർഷം

12) കള്ള് ഷാപ്പ്, വല്ലക്കുന്ന്- 1,2 അർദ്ധവർഷം

13) കള്ള് ഷാപ്പ്, ആനന്ദപുരം- 1,2 അർദ്ധവർഷം

14) കള്ള് ഷാപ്പ്, പാറേക്കാട്ടുകര-1,2 അർദ്ധവർഷം

15) കള്ള് ഷാപ്പ്, പുല്ലൂർ- 1,2 അർദ്ധവർഷം

16) മുരിയാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്- രണ്ടാം അർദ്ധവർഷം

III. സാൻജോ സദൻ, ലഹരിമോചന ആയുർവ്വേദ പുനരധിവാസ കേന്ദ്രം, ആനന്ദപുരം എന്ന സ്ഥാപനത്തിൽ താഴെ ചേർത്തിരിക്കും പ്രകാരം ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷ, പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഡോക്ടർ- 1
തെറാപ്പിസ്റ്റ്- 1
നഴ്സ്- 1
ഫാർമസിസ്റ്റ്- 1

ക്ലർക്ക്- 1

എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.
മേൽ പറഞ്ഞ കരാറുകാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 18/12.10.23).

1-14 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015, ആർ.എ1/499/2019 ത.സ്വ.ഭ.വ. തീയതി 29.01.2020 എന്നിവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. സർക്കുലർ നം.ആർ.എ1/444/2019 തസ്വഭവ, തിയതി.29.01.20 പ്രകാരം കെട്ടിട

നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതും അത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2 സഞ്ചയയിൽ രേഖപ്പെടുത്തിയത് പ്രകാരം "Unauthorised" എന്നയിനത്തിൽ 22 കെട്ടിടങ്ങളാണ് ഉള്ളത്. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്റർ, യു.എ. രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവ പ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-15 അനധികൃത ഫാമുകളുടെ പ്രവർത്തനം- നടപടികൾ സ്വീകരിക്കേണ്ടതാണ്.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തി കൊണ്ടു പോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(I) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(II) ആട് ഫാം: 20 മൃഗങ്ങൾ

(III) പന്നി ഫാം : 5 മൃഗങ്ങൾ

(IV) മുയൽ ഫാം: 25 മൃഗങ്ങൾ

(V) പൗൾട്രി ഫാം : 100

വെറ്ററിനറി സർജൻ ലഭ്യമാക്കിയതിൽ ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്ററിൽ ഉൾപ്പെടാത്തതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ ഫാമുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു

| ക്രമ നം. | ഫാം ഉടമ | കന്നുകാലി കളുടെ എണ്ണം | ആടുകളുടെ എണ്ണം | കോഴി കളുടെ എണ്ണം | പന്നി കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കൃഷ്ണപ്രിയ,ഞാറ്റുവെട്ടി, ആനന്ദപുരം | 20 | | | |
| 2 | ജോളി ജോയ്,മംഗലൻ | 14 | | | |
| 3 | സാബു,കൽക്കുഴി, പാറെക്കാട്ടുകര | 30 | | | |
| 4 | മണി, കൊളത്താപ്പിള്ളി, മുരിയാട് | 10 | | | |
| 5 | രാധാകൃഷ്ണൻ, തട്ടായത്ത്, വേഴേക്കാട്ടുകര | 10 | | | |
| 6 | ധന്യ,തയ്യിൽ, മുരിയാട് | 15 | | | |
| 7 | സുരേഷ് ,മുല്ലശ്ശേരി, ആനന്ദപുരം | 10 | | | |
| 8 | ജീസൺ,കോടിവളപ്പിൽ,പുല്ലൂർ | 19 | | | |
| 9 | ഷൈലകുമാർ, പിണ്ടിയയത്ത്പടി,പാറേക്കാട്ടുകര | | 155 | | |
| 10 | ബാബു, അക്കരക്കാരൻ, തുറവൻകാട് | 10 | | | |
| 11 | അഖിൽ, കൊല്ലംപറമ്പിൽ,മുരിയാട് | 20 | | | |
| 12 | അശോകൻ, ചിന്നങ്ങത്ത്,പുല്ലൂർ | 9 | | | |

| | | | | | |
|---|---|---|---|---|---|
| 13 | സുനാദ്, ഉമ്പരത്തി,പുല്ലൂർ | 8 | | | |
| 14 | വർഗ്ഗീസ്,ചിറക്കേക്കാരൻ,പുല്ലൂർ | 8 | | | |
| 15 | ബേബി,തളിയത്ത്, പുല്ലൂർ | 8 | | | |
| 16 | ജീസൻ,തൈപറമ്പിൽ,മുരിയാട് | | 32 | | |
| 17 | കൃഷ്ണൻകുട്ടി,പുളിക്കപറമ്പിൽ,ആനന്ദപുരം | | 30 | | |
| 18 | മാത്യുലാൽ,കിഴക്കേപീടിക,പാറക്കാട്ടുകര | | | 4000 | 45 |
| 19 | ജോജോ, ഇല്ലിക്കൽ, ആനന്ദപുരം | | | 2000 | |
| 20 | വർഗ്ഗീസ്, പറമ്പി, ആനന്ദപുരം | | | 1000 | |

മേൽ കൊടുത്തിരിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 20/13.10.23) മറുപടി ലഭ്യമാക്കിയില്ല. ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നതിന് ബാധകമായ ഫാമുകൾക്ക് ലൈസൻ എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി തെറ്റായി നിശ്ചയിച്ചു

ഫയൽ നമ്പർ- SC3-5295/2022, തിയതി. 19.12.22

ഗ്രാമപഞ്ചായത്തിന്റെ വാർഡ് 4 പാറേക്കാട്ടുക്കരയിൽ, മുരിയാട് വില്ലേജ് സർവ്വേ നമ്പർ 725/2, 725/2-1 എന്നിവയിൽ ഉൾപ്പെട്ട 1.0187 ഹെക്ടർ സ്ഥലത്ത് പെർമ്മിറ്റില്ലാതെ പണി പൂർത്തീകരിച്ച 1959.5 ച.മീ വിസ്തീർമുള്ള സ്റ്റോറേജ് വിനിയോഗഗണത്തിലുള്ള കെട്ടിടം റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കുന്നതിന് സ്റ്റെല്ല വർഗ്ഗീസ് & ഫാബി വർഗ്ഗീസ്, കിടങ്ങൻ വീട്, മുരിങ്ങൂർ എന്നിവർ സമർപ്പിച്ച മേൽ നമ്പർ അപേക്ഷ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച് 305 E നമ്പർ അനുവദിച്ചിട്ടുണ്ട്. 1959.5 ച.മീ വിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് അടിസ്ഥാന വസ്തു നികുതി നിരക്ക് 90 രൂപ പ്രകാരം 166656 8333 (ലൈബ്രറി സെസ്സ്) = 174989 രൂപ വാർഷിക വസ്തുനികുതി നിർണ്ണയിച്ച നൽകിയിട്ടുണ്ട്. ഫയലിനോടൊപ്പം ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിലേക്ക് 7 മീ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം ഉണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ബാധകമായ 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ടി പ്ലോട്ടിൽ സ്ഥിതി ചെയ്യുന്ന നിലവിലുള്ള രണ്ടു സ്റ്റോറേജ് കെട്ടിടങ്ങൾക്കും(305 B,305C) വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ബാധകമായ 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. നികുതി നിർണ്ണയിച്ചതും നിർണ്ണയിക്കേണ്ടിയിരുന്നതും ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | അടിസ്ഥാന വസ്തുനികുതി നിരക്ക് | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിരുന്ന നികുതി |
|---|---|---|---|---|
| 305B | 1948.68 | 1948.68x90 =175381.2 | 175381-35076 (20% ഇളവ്) =140305<br>വാർഷിക വസ്തുനികുതി =140305+7016 (5%LC) =147321<br>(ദ്വിതീയ മേഖല-10% ഇളവ്, മേൽക്കൂര 10% ഇളവ്) | 175381-35076.2(20%ഇളവ്) +35076.2 (20% വർദ്ധനവ്) =175381<br>വാർഷിക വസ്തുനികുതി = 175381 + 8769 (ലൈബ്രറി സെസ്സ്) = 184150<br>(വഴിയുടെ അടിസ്ഥാന ത്തിലുള്ള 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തുമ്പോൾ) |
| 305C | 1948.68 | 1948.68x90 | 175381-35076.2(20%ഇളവ്) | 175381-35076.2(20%ഇളവ്) |

| | | | | |
|---|---|---|---|---|
| | | =175381.2 | =140305<br>വാർഷിക വസ്തുനികുതി= 140305 + 7016 (5%LC) =147321<br>(ദ്വിതീയ മേഖല-10% ഇളവ്, മേൽക്കൂര 10% ഇളവ്) | +35076.2(20%വർദ്ധനവ്) =175381<br>വാർഷിക വസ്തുനികുതി= 175381+8769(ലൈബ്രറി സെസ്സ്)=184150<br>(വഴിയുടെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തുമ്പോൾ) |
| 305 E | 1959.5 | 1959.5x90= 176355 | 176355-17635.5(10% ഇളവ്)= 158720<br>വാർഷിക വസ്തുനികുതി=158720 +7956(5%LC )=166656<br>(ദ്വിതീയ മേഖല-10% ഇളവ്) | 176355-17635.5(10% ഇളവ്)+35271 (20% വർദ്ധനവ്) =193991<br>വാർഷിക വസ്തുനികുതി= 193991+9700(5% LC)=203691<br>(വഴിയുടെ അടിസ്ഥാന ത്തിലുള്ള 20% വർദ്ധനവ് കൂടി ഉൾപ്പെടുത്തുമ്പോൾ) |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 17/12.10.23) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വസ്തു നികുതി | കുടിശ്ശിക കാലയളവ് | ആകെ വസ്തു നികുതി | ആകെ ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|
| 7/16A | എയർസെൽ ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 6993 (2013-14 മുതൽ 2022-23 വരെ) 7343 (2023-24) | 2013-14 മുതൽ 2023-24 | 77273 | 3500 (2013-14 മുതൽ 2022-23 വരെ) +368 (2023-24) =3868 | 81141 + പിഴപ്പലിശ |

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി ഡിസിബി പരിശോധിച്ചു പ്രകാരം മേൽ പറഞ്ഞ മൊബൈൽ ടവർ കുടിശ്ശിക വരുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ ടി കുടിശ്ശിക തുക ഉൾപ്പെട്ടിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഇല്ലായെങ്കിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 21/13.10.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല)

## 1-18 കുടിവെള്ളടാപ്പ് - സംയുക്ത പരിശോധന

കുടിവെള്ളടാപ്പിന്റെ ചാർജ്ജിനത്തിൽ 4/2022 മുതൽ 1/2023 വരെ 194 ടാപ്പിന് ടാപ്പൊന്നിന് പ്രതിവർഷം 5788/-രൂപ നിരക്കിൽ പ്രതിമാസം 93573/-രൂപ വീതവും 2/2023മുതൽ 194 പൊതുടാപ്പുകൾക്ക് ടാപ്പൊന്നിന്

പ്രതിവർഷം 14559/- രൂപ നിരക്കിൽ പ്രതിമാസം 235371/- രൂപ വീതവും അടവാക്കിയിട്ടുണ്ട്. തുടർന്ന് 20.2.23 ലെ 4(1)ാം നമ്പർ തീരുമാനം പ്രകാരം, അത്യാവശ്യമില്ലാത്ത പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനും സംയുക്തപരിശോധന നടത്തുന്നതിനും തീരുമാനിച്ചുകാണുന്നു. സംയുക്തപരിശോധന നടത്തിയിട്ടുണ്ടോ എന്നും തുക അധികം അടവാക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 5/9.10.23).

## 1-19 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നമ്പർ – 21/23

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹോമിയോ മെഡിക്കൽ ഓഫീസർ

ചെലവ് – 400000/- (വൗച്ചർ നമ്പർ - 4220109/16.11.2022)

2022-23 സാമ്പത്തിക വർഷത്തിൽ 21/23 നമ്പർ പ്രോജക്റ്റിൽ മുരിയാട് ഗ്രാമപഞ്ചായത്തിന്റെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുവാനായി 400000 രൂപ ഹോംകോയിലേയ്ക്ക് നല്കിയിട്ടുണ്ട്. ഇൻവോയ്സ് നമ്പറുകൾ LF 1420 Dt. 16.9.23, LF 519 Dt. 13.7/2023 എന്നിവ പ്രകാരം നാളിതുവരെയായി 192179 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 207821 രൂപയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രോജക്ടുകളിൽ സെക്രട്ടറി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | വൗച്ചർ നമ്പർ | വൗച്ചർ തുക (₹) | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 106/23 | ഐ.കെ.എം. വിഹിതം നല്കൽ | 42200994/ 15.9.2022- (വികസനഫണ്ട്, ജനറൽ) | 95570 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |
| 2 | 339/23 | ഐ.കെ.എം അധികവിഹിതം നല്കൽ | 42201176/ 7.3.23 (വികസനഫണ്ട്, ജനറൽ) | 19308 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം |
| 3 | 112/23 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 42200998/ 7.3.23 (വികസനഫണ്ട്, ജനറൽ) | 938253 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ഇരിങ്ങാലക്കുട |
| 4 | 215/23 | 99,124 നം അംഗൻവാടി കളിലെ കുടിവെള്ള പദ്ധതിക്ക് മോട്ടോർ പൈപ്പ് നീട്ടൽ | 42201014/ 25.10.22<br>42201021/ 16.11.22 (വികസനഫണ്ട്, ജനറൽ) | 160320<br>9000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |

| | | | | | |
|---|---|---|---|---|---|
| 5 | 280/23 | നാല് സെന്റ് കോളനി കുടിവെള്ള പദ്ധതിയ്ക്ക് അധിക തുക നല്കൽ | 22200972/ 30.3.23 (വികസനഫണ്ട്, ജനറൽ) | 50000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി |
| 6 | 125/23 | മഡോണ ഊരകം കുടിവെള്ള പദ്ധതി പൂർത്തീകരണം. | 42201083/ 25.1.23 (വികസനഫണ്ട്, ജനറൽ) | 200000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 7 | 111/23 | മണിയൻകുന്ന് കുടിവെള്ള പദ്ധതി-അഡീഷണൽ ഷിഫ്റ്റ് ചാർജ്ജ് | (തനത് ഫണ്ട്) | 72550 | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി |

അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

I)

| | |
|---|---|
| പ്രോജക്ട് നമ്പർ | - 258/23 |
| പ്രോജക്ടിന്റെ പേര് | എസ്.സി.എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | - 75,000/-<br>(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് | - 75,000/- |
| വൗച്ചർ നം/ തീയതി | 42201104/10.2.23 -25000/-<br>42201105/10.2.23 -25000/-<br>42201106/10.2.23 -25000/- |

സ.ഉ (കൈ) നം. 115/2022/ Lsgd തീയതി 28.05.2022 – സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ ഖ. 2.3 പ്രകാരം ഒന്നിലധികം തലങ്ങളിലെ തദ്ദേശ സ്ഥാപനങ്ങൾ പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഗുണഭോക്താവിന് ലഭിക്കുന്ന സബ്സിഡിയിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നും 2022-23 വർഷത്തിൽ ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

1. ആഞ്ചൽ സന്തോഷ്

2. A R ആകേഷ്

3. ശിശിര കൃഷ്ണ

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി 15/ 12.10.2023) നൽകിയതിന് മേൽ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. സാക്ഷ്യ പത്രങ്ങൾ ഹാജരാക്കേണ്ടതാണ്.

II)

| | |
|---|---|
| പ്രോജക്ട് നമ്പർ | 235/23 |
| പ്രോജക്ടിന്റെ പേര് | എസ്.സി. പോളിടെക്നിക്/ITI വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 220,000/-<br>(വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 220,000/- |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 11 ഗുണഭോക്താക്കൾക്ക് 20000/- രൂപ വീതം നൽകിയിട്ടുണ്ട്.

ലഭ്യമാക്കാത്ത രേഖകൾ

1. പട്ടികജാതി വകുപ്പിൽ നിന്നും 2022-23 വർഷത്തിൽ ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ്

2. ആദിത്യൻ ശിവൻ എന്ന വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റ്

ഓഡിറ്റ് എൻക്വയറി (നമ്പർ 15/ 12.10.2023) നൽകിയതിന് മേൽ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞ രണ്ടു പ്രൊജക്ടുകളിലെയും രേഖകൾ ഹാജരാക്കുന്നതു വരെ ആകെ 295,000/- രൂപ (75,000+220,000) തടസ്സപ്പെടുത്തുന്നു.

1-22 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -പട്ടികജാതി വകുപ്പിൽ നിന്നും ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 236/23 |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് (Diploma/ Engineering) ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 681739/-<br>(വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | 681739 |
| വൗച്ചർ നം./ തുക | 42201275/ 681739 |

ഫയൽ പ്രകാരം ജെം പോർട്ടൽ മുഖേന Legendary Distributors ൽ നിന്നും 35881/- രൂപ നിരക്കിൽ ( Invoice Number TSR/161835/2223 തീയതി 06.03.2023 തുക-538215/- എണ്ണം - 15, Invoice Number TSR/161904/2223 തീയതി 24.03.2023 തുക-143524/- എണ്ണം - 4) ആകെ 19 എണ്ണം ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

സ.ഉ (കൈ) നം.115/2022/lsgd തീയതി 28.05.2022 – സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ലാപ്ടോപ്പ് പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും നല്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നും 2022-23 വർഷത്തിൽ ധനസഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.

1. ദീപ്തി കെ ഭോജൻ
2. സുദീപ് കെ. പി
3. ശ്രീജിത്ത് കെ.എസ്
4. അനഘ കെ. ആർ.

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി 15/ 12.10.2023) നൽകിയതിന് മേൽ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നതു വരെ 143524/- രൂപ (35881 X 4) തടസ്സപ്പെടുത്തുന്നു.

## 1-23 -മത്സ്യ തൊഴിലാളി എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്-പട്ടികജാതി വകുപ്പിൽ നിന്നും ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 237/23 |
| പ്രോജക്ടിന്റെ പേര് | മത്സ്യ തൊഴിലാളി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 287048/-(വികസന ഫണ്ട്-എസ്.സി.പി + തനത്ഫണ്ട്) |
| ചെലവ് | 287048/-(262945 + 24103) |
| വൗച്ചർ നം./ തീയതി | 42201275/28.03.2023<br>തുക 262945/-<br>22201043/31.03.2023<br>തുക 24103/- |

പദ്ധതിയിൽ ഉൾപ്പെടുത്തി 8 ഗുണഭോക്താക്കൾക്ക് (എസ്.സി. മത്സ്യതൊഴിലാളികളുടെ മക്കൾക്ക്) ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ഇതിനായി ലെജന്ററി ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് 8 ലാപ്ടോപ്പുകൾക്ക് 35881 രൂപ നിരക്കിൽ 287048/- രൂപ അനുവദിച്ചിട്ടുണ്ട് (ഇൻവോയ്സ് നമ്പർ – TSR/161905/2223 തീയതി – 24.03.2023, തുക 287048/-). എന്നാൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും 2022-23 വർഷത്തിൽ ധന സഹായം ലഭിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുന്ന സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

1. ലക്ഷ്മി PJ
2. ശരണ്യ സുരേന്ദ്രൻ

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി 15/12.10.2023) നൽകിയതിന് മേൽ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നതു വരെ 71,762/- രൂപ (35881 X 2) തടസ്സപ്പെടുത്തുന്നു.

## 1-24 എസ്.സി. വാട്ടർ ടാങ്ക്-ഗുണഭോക്തൃ വിഹിതമിനത്തിൽ സ്വീകരിച്ച 87200/-രൂപ സ്ഥാപനത്തിന് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 239/23 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എസ്.സി. വാട്ടർ ടാങ്ക് |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 255000/- (വികസന ഫണ്ട്- എസ്.സി.പി) + 85000 B.C = 340000 |
| ചെലവ് | 255000/- |
| വൗച്ചർ നം/ തീയതി | 42201166/28.02.23 – 56760/-<br>42201276/28.03.23 – 3286/-<br>42201294/ 31.03.23 – 159764/-<br>42201295/28.03.23 – 35190/-<br>-------------<br>ആകെ 255000/- |

ടി പദ്ധതിയിൽ ഉൾപ്പെടുത്തി 99 വാട്ടർടാങ്കുകൾ 3448/- രൂപ നിരക്കിൽ JO & JO Enterprises, കുളയിടം, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | തുക | എണ്ണം |
|---|---|---|
| 21/22-23 തീയതി 27.02.23 | 75856 | 22 |
| 22/22-23 തീയതി 27.02.23 | 117232 | 34 |
| 30/22-23 തീയതി 24.03.23 | 62064 | 18 |
| 31/22-23 തീയതി 25.03.23 | 37928 | 11 |
| 34/22-23 തീയതി 30.03.23 | 48272 | 14 |
| ആകെ | 341352 | 99 |

320800101 - Beneficiary Contributions ലെഡ്ജർ പ്രകാരം 100 പേരിൽ നിന്നും 872/- രൂപ വീതം ഗുണഭോക്തൃ വിഹിതമിനത്തിൽ തുക കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിന് നൽകിയതിന്റെ വിശദാംശങ്ങൾ, ട്രഷറി ബിൽ, ഇ-ബിൽ വൗച്ചർ എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് രജിസ്റ്റർ പ്രകാരം 100 വാട്ടർ ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഫയൽ പ്രകാരം 99 വാട്ടർ ടാങ്കുകൾ വാങ്ങിയതിന്റെ ഇൻവോയ്സുകൾ മാത്രമാണുള്ളത്. ഒരു വാട്ടർടാങ്ക് കൂടി ലഭ്യമായതിന്റെ ഇൻവോയ്സ് കൂടി ലഭ്യമാക്കേണ്ടതാണ്. എല്ലാ ഇൻവോയ്സുകളും ഹാജരാക്കാത്തതിനാൽ ആകെ നൽകേണ്ട തുകയുടെയും ബാക്കി നൽകേണ്ട തുകയുടെയും കൃത്യത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഗുണഭോക്തൃ വിഹിതമിനത്തിൽ സ്വീകരിച്ച തുക സ്ഥാപനത്തിന് നൽകിയതിന്റെ വിശദാംശങ്ങൾ, ട്രഷറി ബിൽ, ഇ- ബിൽ വൗച്ചർ, രശീതി എന്നിവ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 15/ 12.10.2023).

## 1-25 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ഇനങ്ങളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകകളുടെ വിനിയോഗവിവരം അറിയിക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 320900102 | Donations Related To Pandemic/Epidemic Control | 53450 |
| 2 | 320700105 | Contributions For Joint Venture Projects(For Capital Expenditure)- From District Panchayats | 10,00,000 |
| 3 | 320700204 | Contributions For Joint Venture Projects(For Revenue Expenditure)- From Block Panchayats | 798474 |
| 4 | 320800199 | Other Grants, Funds And Contributions For Specific Purposes - Capital | 806552 |
| 5 | 320100197 | Litreracy Scheme Grant | 1858 |

ക്രമനമ്പർ 2 മുതൽ ക്രമനമ്പർ 5 വരെ തുകകൾ ചെലവഴിച്ചതിന്റെ / വരവ് വന്ന സ്രോതസ്സിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ക്രമനമ്പർ 1 പ്രകാരമുള്ള തുകയിൽ സർക്കാരിൽ നിന്നുള്ള നിർദ്ദേശപ്രകാരം തുടർനടപടി കൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി-7/10.10.2023).

## 1-26 കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂർ നല്കൽ- തൻവർഷം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2022-23 വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂർ നല്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നൽകിയ തുക | വൗച്ചർ നം./ തീയതി | ക്രമീകരിച്ച തുക | വർഷാവസാന ബാലൻസ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 25000 (മുൻബാക്കി - 30000/-) | 22200991/31.03.2023 | 0 | 55000 |
| 2 | അസി.എഞ്ചിനീയർ | 40000 | 22200284/30.06.22<br>222201049/31.03.23 | 20000 | 20000 |
| 3 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 20000 | 22200702/26.12.22 | 0 | 20000 |
| 4 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 40000 | 30.06.22 | 5843 | 34157 |

മുൻകൂർ നല്കിയ തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 നെൽകൃഷി വികസനം - രേഖകൾ ഹാജരാക്കുന്നതു വരെ 570600/- രൂപ

തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 137/23 |
| പ്രോജക്ടിന്റെ പേര് | സമഗ്ര നെൽകൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ | 3282000/- |
| ചെലവ് | 1841000/- |

വൗച്ചർ നം 42201040/06.12.2022 പ്രകാരം 570600/- രൂപയ്ക്ക് കേരള സ്റ്റേറ്റ് സീഡ് ഡവലപ്മെന്റ് അതോറിറ്റിയിൽ (KSSDA), തൃശ്ശൂർ നിന്നും 14040 കി.ഗ്രാം നെൽവിത്ത്(ഇൻവോയ്സ് നം. 658/22-23 /14.11.2022 - 4020kg, ഇൻവോയ്സ് നം. 654/22-23/09.11.2022 - 10020kg) വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി 16/ 12.10.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 570600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം. -S074/23

പ്രോജക്ടിന്റെ പേര്- ഹരിതശ്രീ കോൾപടവ് മോട്ടോർഷെഡ് നിർമ്മാണം .

അടങ്കൽ തുക – 5,70,000/-
ഫണ്ട്- വികസനഫണ്ട് (500,000/-)

തനത് ഫണ്ട്(70,000/-)

ചെലവ്-5,60,524/-

കരാർ നം. Ag No.421/AE(LSGD)MYD/21-22 Dt.15.2.22

കരാറുകാരൻ - കെ.ആർ.രാജേന്ദ്രൻ

കരാർ കാലാവധി -6മാസം

അളവുപുസ്തകം 137/21-22,151/21-22

ബിൽ നം.8/29.4.22 - 2,49,112/-
ബിൽ നം. 57/30.6.22- 250,888/-
വൗച്ചർ നം. 22200256/2.7.22 – 60,524/-

മേൽ പ്രവൃത്തിയിൽ, അളവുപുസ്തകം 137/21-22 പേജ് നം.25 പ്രകാരം 19.25എം3 മണ്ണും പേജ് നം.43 പ്രകാരം 1.66എം3 മണ്ണും കൂടി ആകെ 20.91എം3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ മണ്ണിന്റെ വിനിയോഗം ഫയലിലോ, അളവുപുസ്തകത്തിലോ രേഖപ്പെടുത്തിയിട്ടില്ല. മണ്ണിന്റെ വിനിയോഗവിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/11.10.2023ന് ലഭ്യമാക്കിയ മറുപടിയിൽ, കുഴിച്ചെടുത്ത മണ്ണ് സ്ലറി സോയിൽ ആയതിനാൽ ലേലം ചെയ്യുവാൻ സാധിച്ചിരുന്നില്ല എന്നും ടി മണ്ണ് ബാക്ക് ഫില്ലിംഗ് ചെയ്തതായി സാക്ഷ്യപ്പെടുത്തുവാൻ വിട്ടുപോയതാണ് എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഇതിന് കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല. കമ്മിറ്റി തീരുമാനം ഹാജരാക്കേണ്ടതും പ്രവൃത്തിവേളയിൽതന്നെ രേഖകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-29 ഡിസ്മാന്റിൽ ചെയ്ത ഇനത്തിന്റെ പുനരുപയോഗം രേഖപ്പെടുത്തിയിട്ടില്ല,പിഴ ഈടാക്കിയിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിയർ
പ്രോജക്ട് നം. -S077/23

പ്രോജക്ടിന്റെ പേര്- പി എച്ച് സി കെട്ടിടം 1-ാം നില നിർമ്മാണം-വാർഡ് 10

അടങ്കൽ തുക-7,00,000/-

ഫണ്ട്- മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ചെലവ്-6,16,013/-

കരാർ നം. Ag No.41/AE(LSGD)MYD/21-22 Dt.15.2.22

കരാറുകാരൻ - കെ.ആർ.രാജേന്ദ്രൻ

കരാർ കാലാവധി -6മാസം

കരാർ തുക – 5,46,144.59/-

അളവുപുസ്തകം 138/21-22,146/21-22,220/21-22

ബിൽ നം.6/27.4.22- 2,04,068/-,

,, 83-13.9.22 – 2,65,992/-

,, 146-3030.11.22 – 1,45,953/-

